(ബി മുതൽ ഇ വരെ) ഈ വിവരം കിട്ടിയിട്ടില്ല.

(എഫ്) താൽക്കാലികാടിസ്ഥാനത്തിൽ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകൾ വഴി സർവ്വീസിൽ വരുന്ന എല്ലാ ജീവനക്കാരെയും സർവ്വീസിൽ സ്ഥിരപ്പെടുത്തുകയെന്നതു പ്രായോഗികമാണെന്ന് ഗവൺമെൻറ് കരുതുന്നില്ല.

നിരോധിക്കപ്പെട്ട മരുന്നുകൾ

* 194 [240] ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) വിദേശങ്ങളിൽ നിരോധിച്ച പല മരുന്നുകളും കേരളത്തിൽ വിറ്റഴിയുന്നുണ്ടെന്ന വസ്തുത ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് നിരോധിക്കാൻവേണ്ട നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ജില്ലാ ഡവലപ്പ്മെൻറ് കൗൺസിലുകളിലെ അനൗദ്യോഗികാംഗങ്ങൾ

* 195 [241] ശ്രീ. കെ. പുരുഷോത്തമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) ജില്ലാ ഡവലപ്പ്മെൻറ് കൗൺസിലുകളിലേക്ക് അനൗദ്യോഗിക മെമ്പർമാരെ നോമിനേറ്റ് ചെയ്യുന്നതിന്റെ മാനദണ്ഡമെന്താണ്;

(ബി) അംഗീകൃത രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികളെ ഡി.ഡി.സി.യിൽ നോമിനേറ്റ് ചെയ്യുന്നുണ്ടോ;

(സി) ഇല്ലെങ്കിൽ അംഗീകൃത രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികളെ ഡി.ഡി.സി. കളിൽ നോമിനേറ്റ് ചെയ്യാൻ നടപടി എടുക്കുമോ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ) ജില്ലാ ഡവലപ്പ്മെൻറ് കൗൺസിലുകളിലേക്ക് അനൗദ്യോഗിക മെമ്പർമാരെ നോമിനേറ്റ് ചെയ്യുന്നതിന്റെ മാനദണ്ഡങ്ങൾ താഴെ പറയുന്നവയാണ്.

1. രാഷ്ട്രീയ സാമൂഹ്യമേഖലകളിൽ പ്രവർത്തിക്കുന്ന പൊതു പ്രവർത്തകർ (Representatives on other Interests)

2. സഹകരണ പ്രസ്ഥാനവുമായി ബന്ധപ്പെട്ടവർ (Representatives of Co-operative Movement)

LIBRARY ARCHIVES Kerala Legislative Assembly